LIBRARY ARCHIVES Kerala Legislative Assembly

ദേശീയ ഗെയിംസ് കളിസ്ഥലങ്ങളുടെ സംരക്ഷണം

269 (275) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുപ്പത്തിയഞ്ചാം ദേശീയ ഗെയിംസിന് വേണ്ടിനവീകരിച്ചതും പുതുതായി നിർമ്മിച്ചതുമായ സ്റ്റേഡിയങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കളിസ്ഥലങ്ങളുടെ സംരക്ഷണം എപ്രകാരമായിരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്റ്റേഡിയങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ദേശീയ ഗെയിംസിനായി ഏറ്റെടുത്ത വേദികളുടെ പരിപാലനം, ക്രമീകരണം എന്നിവ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന സർക്കാർ ഉത്തരവ് (കൈ) നമ്പർ 09/15/കാ.യു.വ. തീയതി 24-2-2015 അനുബന്ധം 2 ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു.

റൺ കേരള റൺ

270 (276) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസിന്റെ പ്രചരണാർത്ഥം നടത്തിയ റൺ കേരള റൺ കൂട്ടയോട്ടം സംഘടിപ്പിക്കാൻ സർക്കാർ ടെണ്ടർ ക്ഷണിച്ചിരുന്നോ എന്നും ഉണ്ടെങ്കിൽ എന്തൊക്കെയായിരുന്നു ടെണ്ടർ വ്യവസ്ഥകൾ എന്നതിന്റെയും വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങളുടെ പേരും, ക്വാട്ട ചെയ്തതുകയും വ്യക്തമാക്കുമോ ;

(സി) ടെണ്ടറിൽ പങ്കെടുക്കുവാൻ സ്ഥാപനങ്ങൾക്ക് നിശ്ചയിച്ചിരുന്ന യോഗ്യതകൾ എന്തെല്ലാമായിരുന്നു എന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ടെണ്ടർ ഉറപ്പിച്ച സ്ഥാപനം ഏതായിരുന്നു എന്നും എത്ര രൂപയായിരുന്നു ക്വാട്ട് ചെയ്തതെന്നും വ്യക്തമാക്കുമോ ;

(ഇ) ദേശീയ ഗെയിംസിന്റെ സംഘാടനത്തിന് എത്ര രൂപയാണ് ചെലവായതെന്നും കേന്ദ്ര ഗവൺമെന്റ് എത്ര തുക അനുവദിച്ചുവെന്നും സംസ്ഥാന വിഹിതം എത്രയായിരുന്നു എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ടെണ്ടർ വിളിച്ചിരുന്നു. ടെണ്ടർ ഡോക്യുമെന്റ് (RFP) അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇ-ടെണ്ടറായാണ് ടെണ്ടർ വിളിച്ചത്. ടെക്നിക്കൽ ബിഡ് മാനദണ്ഡങ്ങൾ പാലിച്ച രണ്ട് ഫിനാൻഷ്യൽ കമ്പനികളുടെ ബിഡ് ഓപ്പൺ ചെയ്തു. കമ്പനികളുടെ പേരുവിവരങ്ങളും ക്വാട്ട് ചെയ്ത തുകയും താഴെകൊടുക്കുന്നു :

1. M/s ഇംപ്രസാരിയോ ഇവന്റ് മാനേജ്മെന്റ് ഇന്ത്യാ ലിമിറ്റഡ്- 22,26,95,276.8 രൂപ
2. M/s മലയാള മനോരമ കമ്പനി ലിമിറ്റഡ് - 10,61,79,990 രൂപ

(സി) ടെണ്ടറിൽ പങ്കെടുക്കുവാൻ സ്ഥാപനങ്ങൾക്ക് നിശ്ചയിച്ചിരുന്ന യോഗ്യതകൾ അനുബന്ധം (RFP) Clause 2-ൽ കാണാവുന്നതാണ്.

(ഡി) M/s. മലയാള മനോരമ കമ്പനി ലിമിറ്റഡ് 10,61,79,990 രൂപയ്ക്കാണ് കരാർ നൽകിയത്.

(ഇ) സംഘാടനത്തിനുള്ള മൊത്തം ചെലവുകൾ കണക്കാക്കി വരുന്നതേയുള്ളൂ. കേന്ദ്രവിഹിതമായി 121 കോടി രൂപ ലഭിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ വിഹിതമായി ഇതുവരെ 272.12 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ വേദികളുമായി ബന്ധപ്പെട്ട റോഡുകളുടെ വികസനത്തിനായി 20 കോടി രൂപയും ഇതിനകം അനുവദിച്ചിട്ടുണ്ട്.

റൺ കേരള റൺ സംഘടിപ്പിക്കുന്നതിന് ചെലവായ തുക

271 (277) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ ഗെയിംസിന്റെ ഭാഗമായ റൺ കേരള റൺ സംഘടിപ്പിച്ചതിന് ഏതെല്ലാം ഇനത്തിൽ എത്ര തുക വീതം ചെലവ് വരുമെന്ന് വ്യക്തമാക്കാമോ; ഇതിനകം ചെലവായ തുക എത്ര;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly